LIBRARY ARCHIVES Kerala Legislative Assembly

ഹോർട്ടികോർപ്പ് വിപണിയിലിടപെടുകയും ചെയ്യ. കൂടാതെ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നഗരപ്രദേശങ്ങളിൽ വഴിയോര വിപണികൾ സഹകരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ മരച്ചീനി വിറ്റഴിക്കുന്നതിനുള്ള നേതൃത്വം കൃഷി ഓഫീസർമാർ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി ആരംഭിച്ച 602 പുതിയ ആഴ്ച ചന്തകൾ വഴിയും ഉല്പന്നങ്ങൾ വിറ്റഴിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ വിപണികൾ പ്രവർത്തിക്കുന്നതിനാൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഉല്പന്നങ്ങൾ ലഭ്യമാക്കാനും വഴിയൊരുക്കുന്നു. 2020-21 വർഷത്തിൽ വിവിധ ജില്ലകളിൽ 2712 കർഷകർക്ക് 3.021 കോടി രൂപ നൽകുകയും ചെയ്യ. കൂടാതെ 2187 കർഷകർക്ക് 1.54 കോടി രൂപ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ കീഴിൽ 28-7-2021 വരെ 61439 കർഷകരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

കൃഷിനാശം സംഭവിച്ച കർഷകരെ സഹായിക്കാൻ നടപടികൾ

47 (2766) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വേനൽമഴ ഉൾപ്പെടെയുള്ള അവിചാരിതമായ കാരണങ്ങളാൽ കൃഷിനാശം സംഭവിച്ച കർഷകരെ സഹായിക്കാൻ സമയബന്ധിതമായ നടപടികൾ ഉണ്ടാകുമോ?

പ്രകൃതി ദുരന്തങ്ങൾ കാരണം കൃഷി നശിക്കുന്ന സാഹചര്യത്തിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി, പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി, കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ മുഖേന അർഹതയുള്ള ധനസഹായം സമയബന്ധിതമായി കർഷകർക്ക് നൽകിവരുന്നുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ കാലവർഷത്തിന് മുമ്പ് വ്യാപകമായി ഉണ്ടായ കൃഷിനാശത്തിന് നഷ്ടപരിഹാര വിതരണം അടിയന്തരമായി ഉണ്ടാകുമോ?

പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള സംസ്ഥാന വിഹിതമായി അനുവദിച്ച തുകയിൽനിന്നും 3.68609 ലക്ഷം രൂപയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള 4.01860 ലക്ഷം രൂപയും കാസർഗോഡ് ജില്ലയിലെ കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്. അപേക്ഷകൾ പരിശോധിച്ച് അർഹതയുള്ള നഷ്ട പരിഹാരത്തുക കർഷകർക്ക് അനുവദിച്ചുവരുന്നു.